നമ്പർ : പി.റ്റി (1)4022/06 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം, 1.3.2006.

സർക്കുലർ നമ്പർ 12/2006

വിഷയം: സഹകരണവകുപ്പ്-തൊടുപുഴ സർക്കിൾ സഹകരണ യൂണിയൻ-കെട്ടിട നിർമാണത്തിനു സംഭാവന സ്വീകരിക്കുന്നതിനുള്ള അപേക്ഷ അനുമതി സംബന്ധിച്ച്-

സൂചന: ഇടുക്കി ജനറൽ വിഭാഗം ജോയന്റ് രജിസ്ട്രാറുടെ 25.1.06 ലെ സി.ആർ.ബി. 324/06 നമ്പർ കത്ത്.

തൊടുപുഴ സർക്കിൾ സഹകരണ യൂണിയൻ ആസ്ഥാന മന്ദിര നിർമാണത്തിന് ഇടുക്കി ജില്ലയിലെ സഹകരണസ്ഥാപനങ്ങളിൽ നിന്ന് സംഭാവന സ്വീകരിക്കുന്നതിനു അനുമതി നല്കണമെന്ന തൊടുപുഴ സർക്കിൾ സഹകരണ യൂണിയന്റെ അപേക്ഷ ഇടുക്കി ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്. തൊടുപുഴ സർക്കിൾ സഹകരണ യൂണിയന്റെ അപേക്ഷയുടെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കിയുടെ ശുപാർശയും പരിശോധിച്ച് ചുവടെ പരാമർശിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

തൊടുപുഴ സർക്കിൾ സഹകരണ യൂണിയന് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം പണിയുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള തൊടുപുഴ താലൂക്കിലെ സഹകരണ സ്ഥാപനങ്ങളെ സംഘം ബൈലാക്കും സഹകരണ ചട്ടങ്ങൾക്കും വിധേയമായി തൊടുപുഴ സർക്കിൾ സഹകരണ യൂണിയനു സംഭാവന നല്കുന്നതിന് അനുമതി നല്കുന്നു.

ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി ഈ സർക്കുലറിന്റെ പകർപ്പ് താലൂക്കിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും നല്കേണ്ടതാണ്.

ഒപ്പ്

വി.രഘുനാഥ്
സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

പകർപ്പ്:

1. തൊടുപുഴ താലൂക്കിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), ഇടുക്കി മുഖേന)
2. ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്), ഇടുക്കി
3. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, ഇടുക്കി.
4. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/സെക്രട്ടറി, സർക്കിൾ സഹകരണ യൂണിയൻ, തൊടുപുഴ.
5. അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്), തൊടുപുഴ.
6. സ്പെയർ/സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.